# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: ജോർജ്ജ് മാത്യു)

ഇ.ഇ 3/709/12.

തീയതി :09.09.2013

വിഷയം:-വ്യവസായം-ജീവനക്കാര്യം-01.01.2011 മുതൽ 31.12.2011 വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ അപാകതകൾ പരിഹരിക്കുന്നത് -സംബന്ധിച്ച്.

പരാമർശം : - 1. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 26.06.2013 ലെ ഇഇ3/709/12-ാം നമ്പർ നടപടിക്രമം.
2. 20.08.2013 ലെ പൊന്നാനി താലൂക്ക് വ്യവസായ ഓഫീസറുടെ എ/323/11-ാം നമ്പർ കത്ത്.
3. ബിന്ദു.എസ്സ്, ക്ലർക്കിന്റെ സമർപ്പണം.
4. 24.08.2013 ലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇഎ1/16257/13-ാം നമ്പർ നടപടി ക്രമം.

01.01.2011 മുതൽ 31.12.2011 വരെയുള്ള കാലയളവിലെ വ്യവസായ വാണിജ്യ വകുപ്പിലെ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊന്നാനി താലൂക്ക് വ്യവസായ ഓഫീസിലെ ക്ലർക്കായ ശ്രീ.സത്യദാസ്.സി (ക്രമ നമ്പർ:61) തന്റെ പേര് Satyadas.C എന്നതിനു പകരം Sathyadas.C എന്നും, റിമാർക്സ് കോളത്തിൽ IDT എന്നതിനു പകരം LDCT എന്ന് തിരുത്തുന്നതിന് സൂചന (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ശ്രീ.സത്യദാസിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ നിന്നും, ടിയാന്റെ പേര് Sathyadas.C എന്നും, ടിയാൻ ക്ലർക്ക് ടൈപ്പിസ്റ്റായാണ് ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചെന്നും ബോധ്യപ്പെട്ടു. കൊല്ലം പ്രോജക്റ്റ് ഓഫീസിലെ ക്ലർക്കായ ശ്രീമതി.ബിന്ദു.എസ്സ് (ക്രമ നമ്പർ : 78) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ നിയമന ശുപാർശയിൽ, ടിയാളുടെ അഡ്വൈസ് തീയതി 03.01.2012 എന്നതിനുപകരം, 02.09.2011 ആണെന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയതിനാൽ ടിയാളെ 01.01.2011 മുതൽ 31.12.2011 വരെയുള്ള ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ :78 ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. സൂചന (4) ലെ നടപടിക്രമപ്രകാരം നിയമന ശുപാർശ തീയതി 02.09.2011-നു പകരം 03.01.2012 എന്ന് തിരുത്തൽ വരുത്തി ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ബിന്ദു.എസ്സ് ക്ലർക്കിനെ 01.01.2011 മുതൽ 31.12.2011 വരെയുള്ള ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

SRV-CV05.09.13

## ഉത്തരവ്

സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 01.01.2011 മുതൽ 31.12.2011 വരെയുള്ള ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 61-ാം ക്രമനമ്പരുകാരനായ ശ്രീ.സത്യദാസ്.സി-യുടെ പേര് Satyadas എന്നതിനുപകരം Sathyadas.C എന്നുതിരുത്തി താഴെ കോളത്തിൽ കാണുന്ന പ്രകാരം ഭേദഗതി ചെയ്യുന്നു. 01.01.2011 മുതൽ 31.12.2011 വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ : 78 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.ബിന്ദു.എസ്സ് -നെ ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയും ടി സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| Sl No | Name | Date of Birth | Educational Qualification | Order Number & Date | Date of Advice / Appointement | Date of joining | DRB | Remarks |
|---|---|---|---|---|---|---|---|---|
| 61 | Sathyadas.C | 14.05.1975 | SSLC, Type Writing Eng (H), Mal (L), DTP, MOP | MR II(1) 1271/04 (3) Dated:12.07.2011 | 12.07.2011 | 15.09.2011 | Malappuram | LDCT |

(ഒപ്പ്/-)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്: -

1. ശ്രീ.സത്യദാസ്.സി,താലൂക്ക് വ്യവസായ ഓഫീസ്, പൊന്നാനി.
2. ശ്രീമതി.ബിന്ദു.എസ്, പ്രൊജക്ട് ഓഫീസ്, കൊല്ലം

(നിയന്ത്രണാധികാരി മുഖേന).

പകർപ്പ്:-1. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, പൊന്നാനി.
2. പ്രോജക്ട് ഓഫീസർ, പ്രോജക്ട് ഓഫീസ് (കയർ), കൊല്ലം.
3. ഇ.എ സെക്ഷൻ / ഇ.സി.സെക്ഷൻ.
4. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്.

SRV.C/V05.09.13